കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

# 2016-2017

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി11/968/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.20.07.2017

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി ./968/17 തീയതി. 20.07.2017

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2016 മുതൽ 30.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2017മുതൽ 15.07.2017വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. വി. രാജശ്രീ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ. എസ്സ്.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. എം.ജി.രാജു | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ടി.ജി.ഗോപിനാഥൻ | 01.04.2016 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.രോഷ്നി സുനിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസന കാര്യം | ശ്രീ.വി.പ്രസന്നൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ലജിത തിലകൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീ. പി.അക്ബർ | 01.04.2016 മുതൽ 31.03.2017 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ജി.വി.റെജി | 01.04.2016 മുതൽ<br>04.10.2016 വരെ |
| | | ശ്രീമതി. അനിത | 05.10.2016 മുതൽ<br>31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്. ജയശ്രീ | 01.04.2016 മുതൽ<br>31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രേഖ.കെ | 01.04.2016 മുതൽ 31.03.2017വരെ |
| 4 | വി.ഇ.ഒ, മായിത്തറ | ശ്രീമതി.ആർ. സുജയ | 01.04.2016 മുതൽ<br>31.03.2017 വരെ |
| 5 | വി.ഇ.ഒ, കഞ്ഞിക്കുഴി | ശ്രീ.കെ.രഞ്ജിത്ത് | 01.04.2016 മുതൽ<br>31.03.2017 വരെ |
| 6 | പ്രധാനാദ്ധ്യാപിക, എൽ.പി.എസ് | ശ്രീമതി.ഡി.മഞ്ജുള | 01.04.2016 മുതൽ 31.03.2017വരെ |
| 7 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സജില.എസ്.പിള്ള | 01.04.2016 മുതൽ 31.03.2017വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ടി.കെ.പൊന്നമ്മ | 01.04.2016 മുതൽ 13.02.2017വരെ |
| | | ശ്രീമതി. സുഹാസിനി | 14.02.2017മുതൽ<br>28.02.2017വരെ |
| | | ശ്രീമതി.ടി.കെ.പൊന്നമ്മ | 01.03.2017മുതൽ<br>31.03.2017വരെ |

| | | | |
|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ടി.റജീന | 01.04.2016 മുതൽ 07.10.2016 വരെ |
| | | ഡോ.ലിന്റാ സാമുവൽ | 08.10.2016 മുതൽ 31.03.2017വരെ |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഷീബ റാണി | 01.04.2016 മുതൽ 31.03.2017വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ.ജയകല | 01.04.2016 മുതൽ 31.03.2017വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രശ്മി മാനുവൽ | 01.04.2016 മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം -1 |
|---|---|---|
| 1 | 1-1മുതൽ 1-10 വരെ | പൊതുഅവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ - രാജിയാക്കൽ ഫീ ഈടാക്കിയില്ല, രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 3 | 2-2 | അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 4 | 2-3 | പഞ്ചായത്ത് ഭൂമി പാട്ടത്തിന് നൽകി - സ്ഥല സംബന്ധമായ രേഖകൾ പഞ്ചായത്തിലില്ല |
| 5 | 2-4 | സ്ഥാപന നികുതി അടച്ചിട്ടില്ല |
| 6 | 2-5 | നടപടി ക്രമങ്ങൾ പാലിക്കാതെ കമ്മ്യൂണിറ്റി ഹാൾ കുറഞ്ഞ വാടകയ്ക്ക് നൽകുന്നു |
| | | ഭാഗം – 3 |
| 7 | 3-1 | പൊതു ശൗചാലയം - നിർമ്മാണം അപ്രസക്തവും അനാവശ്യവും |
| 8 | 3-2 | പഞ്ചായത്ത് ഓഫീസിൽ ഫർണീച്ചർ സ്ഥാപിക്കൽ- ഫർണീച്ചർ സ്ഥാപിച്ച് നല്കാതെ തുക പൂർണ്ണമായും റബ്കോയ്ക്ക് നല്കി |
| 9 | 3-3 | മാരാരി മഷ് റൂം കൾച്ചർ സെന്റർ ചുറ്റുമതിൽ നിർമ്മാണം- നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നല്കി |
| 10 | 3-4 | അങ്കണവാടി വൈദ്യുതീകരണം-- ഉപകരണങ്ങൾ സ്ഥാപിക്കാതെ തുക നല്കി |
| 11 | 3-5 | ബിറ്റുമിൻ വാങ്ങൽ - നൽകിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭ്യമായില്ല |
| 12 | 3-6 | പി.എച്ച്.സി കെട്ടിടം അറ്റകുറ്റപ്പണിയും ചുറ്റുമതിൽ നിർമ്മാണവും - കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല |
| 13 | 3-7 | ഉത്സവ ബത്ത അധികം നൽകി |

| | | |
|---|---|---|
| 14 | 3-8 | ഐ ടി ഫയലിംഗ്- ലേറ്റ് ഫീ |
| 15 | 3-9 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 16 | 3-10 | എസ്.എസ്.എ പദ്ധതി--പൂർണ്ണമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 17 | 3-11 | പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ - പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറിയില്ല |
| 18 | 3-12 | എസ്.സി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി - സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 19 | 3-13 | സേവന നികുതി - കരാറുകാരിൽ നിന്നും ആനുപാതികമായ സേവന നികുതി ഈടാക്കിയില്ല |
| 20 | 3-14 | കരാർ പ്രവൃത്തികളിൽ നിന്നും സേവനനികുതി ഈടാക്കിയില്ല |
| 21 | 3-15 | ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി നൽകൽ (എസ്.സി.പി) - അർഹതാ രേഖകൾ ഹാജരാക്കിയില്ല |
| 22 | 3-16 | ഇന്റർനെറ്റ് കണക്ഷൻ ഉപയോഗം സംബന്ധിച്ച് |
| 23 | 3-17 | മഴക്കാലപൂർവ്വ ശുചീകരണം തുക നഷ്ടപ്പെടുത്തി |
| 24 | 3-18 | ഓഡിറ്റ് ഇംപാക്ട് |
| | | ഭാഗം – 4 |
| 25 | 4-1 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | അനുബന്ധം. 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 27 | അനുബന്ധം. 2 | ഖണ്ഡിക 3-1 നഷ്ടത്തിനുത്തരവാദിയായവരുടെ പേര് വിവരം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.17 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 129022500 | 128968500 |
| വാർഷിക കണക്ക് പ്രകാരം | 62302281 | 57912495 |

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14980165 |
| വരവ് | 62302281 |
| ആകെ | 77282446 |
| ചെലവ് | 57912495 |
| നീക്കിയിരിപ്പ് | 19369951 |

1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് തൻവർഷം വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെയും അവയുടെ വിനിയോഗത്തിന്റെയും വിവരം താഴെച്ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13737684 | 12989508 | 94.55% |
| വികസനഫണ്ട് എസ്.സി.പി. | 3390261 | 2982550 | 87.97% |
| വികസനഫണ്ട് ടി.എസ്.പി. | 85164 | 84664 | 99.41% |
| സംരക്ഷണഗ്രാന്റ് റോഡ് | 5167869 | 4467992 | 86.45% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3711000 | 3326959 | 89.65% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7704089 | 6829668 | 88.64% |
| ലോക ബാങ്ക് സഹായം | 4943190 | 2336910 | 47.27% |
| ബി ഫണ്ട് | 50269885 | 50269885 | 100% |
| എം.എൻ.ആർ.ഇ.ജി.എസ് | 78959741(851 രൂപ മുന്നിരിപ്പ് ഉൾപ്പടെ) | 78928000 | 99.95%(നീക്കിയിരുപ്പ് - 31741 രൂപ) |

ലോകബാങ്ക് ധനസഹായമായി ലഭ്യമായിരുന്ന തുകയുടെ 50% പോലും വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞില്ല.

1-5പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 148 | 53838973 | 106 | 39388121 | 32 | 10 | 71.62 |

1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 42.26ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2732914 | 3877613 | 1144699 | 41.88% |
| നികുതിയേതര വരവുകൾ | 353494 | 622785 | 269291 | 76.17% |
| മറ്റ് വരവുകൾ | 127731 | 72168 | (-)55563 | (-)43.5% |

| | | | | |
|---|---|---|---|---|
| ആകെ | 3214139 | 4572566 | 1358427 | 42.26% |

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി താഴെപ്പറയും പ്രകാരം 6002 ഗുണഭോക്താക്കൾക്ക് 5,02,69,885/- രൂപ ധനസഹായമായി വിതരണം ചെയ്തു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1323720 | 1128 |
| കർഷകതൊഴിലാളി പെൻഷൻ | 3868830 | 426 |
| വിധവാപെൻഷൻ | 9360580 | 952 |
| വാർദ്ധക്യകാലപെൻഷൻ | 30826230 | 2988 |
| വികലാംഗപെൻഷൻ | 3753025 | 419 |
| വിവാഹധനസഹായം | 300000 | 10 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 837500 | 79 |
| ആകെ | 5,02,69,885 | 6002 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21059/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). ഡി ആന്റ് ഒ രജിസ്റ്റർ, വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയും കൃത്യമായി തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-06-2017 | 2017-18 മേയ് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.09.2016 | 2011-16 | 10.11.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ - രാജിയാക്കൽ ഫീ ഈടാക്കിയില്ല, രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെയോ പെർമിറ്റിൽ അനുവദിച്ച വിസ്തീർണ്ണത്തിൽ അധികമായോ നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് ഈടാക്കാതെ കെട്ടിടനമ്പർ അനുവദിക്കുകയും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

| കെട്ടിട ഉടമസ്ഥൻ | ഫയൽ നമ്പർ (എ1) | കെട്ടിട നമ്പർ | പെർമിറ്റില്ലാതെ/ പെർമിറ്റിൽ അധികമായുള്ള നിർമ്മാണം (ച.മി) | ആവശ്യം, രാജിയാക്കൽ ഫീസ്/ച.മീ. (രൂപ) | ഈടാക്കേണ്ടിയിരുന്ന ഫീസ് (രാജിയാക്കൽ ഫീസ് + അപേക്ഷ ഫീസ് 20) രൂപ |
|---|---|---|---|---|---|
| പ്രഭാഷ് & സിന്ധു | 299/16 | IX 357A | 157.55 | പാർപ്പിടം, 6 | 965 |
| വികാരി, സെന്റ് ആന്റണീസ് ചർച്ച് | 2412/16 | XVII 442/H to Q | 92.04 | വാണിജ്യം, 10 | 940 |
| ഹരിലാൽ & ബീന | 3700/16 | IV 603 | 48.35 | പാർപ്പിടം, 6 | 310 |
| ആകെ | | | | | 2215 |

രാജിയാക്കൽ ഫീസ് ഈടാക്കാതിരുന്നതിന് കാരണം പഞ്ചായത്ത് ഫണ്ടിനുണ്ടായ 2215രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, റൂൾ 135 പ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുമ്പോൾ സെക്രട്ടറി അപ്പന്റിക്സ് ഐ ഫാറത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇപ്രകാരം ക്രമപ്പെടുത്തുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് അപ്പന്റിക്സ് ജെ ഫാറത്തിൽ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവി ക്കാതെയും രജിസ്റ്റർ സൂക്ഷിക്കാതെയുമാണ് ക്രമപ്പെടുത്തൽ നടക്കുന്നത്.

പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല. കെട്ടിടത്തിന് നമ്പർ നൽകുന്നതുൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തപ്പെടുന്നില്ല.

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും നടപടിക്രമം പാലിച്ച് മാത്രം അനധികൃത നിർമ്മാണം ക്രമപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 2-2 അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

അനധികൃത നിർമ്മാണങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235AA പ്രകാരം പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുന്നത് അഥവ റഗുലറൈസ് ചെയ്യുന്നത് വരെ വസ്തുനികുതിയും അതിന്റെ ഇരട്ടി ഫൈനും ഈടാക്കേണ്ടതാണ്. എന്നാൽ 2013-14 മുതലുള്ള താഴെ പറയുന്ന അനധികൃത നിർമ്മാണത്തിന് ഇപ്രകാരം

നികുതിയോ ഫൈനോ ഈടാക്കിയിട്ടില്ല. കെട്ടിടങ്ങളെല്ലാം തന്നെ വാണിജ്യാവശ്യത്തിനുള്ളതാണ് (കടമുറി). വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥൻ | തറ വിസ്തീർണ്ണം (ച.മീ) | യു.എ രജിസ്റ്ററിലെ ക്രമ നമ്പർ, വർഷം | വസ്തു നികുതി (50രൂ./ച.മീ) | ഫൈൻ | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| സുരേഷ്,പുത്തൻവെളി | 8 | 9, 2013-14 | 400 | 800 | 1200 |
| സി.ആർ.ഹരിപ്രസാദ്, ചേലാട് | 10 | 10,2013-14 | 500 | 1000 | 1500 |
| സി.ആർ.ഹരിപ്രസാദ്, ചേലാട് | 10 | 11,2013-14 | 500 | 1000 | 1500 |
| എൻ.വിജയൻ, ഈഴപ്പറക്കൽ | 4 | 12,2013-14 | 200 | 400 | 600 |
| എൻ.വിജയൻ, ഈഴപ്പറക്കൽ | 4 | 13,2013-14 | 200 | 400 | 600 |
| ജയകുമാർ,മോവനവീട്ടിൽ | 8 | 14,2013-14 | 400 | 800 | 1200 |
| ജയകുമാർ,മോവനവീട്ടിൽ | 8 | 15,2013-14 | 400 | 800 | 1200 |
| ആകെ | | | | | 7800 |

തൻവർഷം ഈ ഇനത്തിൽ 7800 രൂപ നഷ്ടമായി. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. 2013-14, 14-15, 15-16 വർഷങ്ങളിലായി 23400രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. ടി തുക ടി കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അനധികൃത നിർമ്മാണം നാല് വർഷത്തിന് ശേഷവും ക്രമപ്പെടുത്തപ്പെടാതയോ പോളിച്ച് നീക്കപ്പെടാതെയോ തുടരുന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിന്റ സ്പഷ്ടമായ ലംഘനമാണ്. ഇതേക്കുറിച്ച് ഭരണവകുപ്പിന്റെ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 2-3 പഞ്ചായത്ത് ഭൂമി പാട്ടത്തിന് നൽകി - സ്ഥല സംബന്ധമായ രേഖകൾ പഞ്ചായത്തിലില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി 13 രൂപ വീതം തനതു ഫണ്ടിൽ വരവു വന്നതായി കാണുന്നു. എത്ര ഭൂമിയാണ് പാട്ടത്തിന് നൽകിയതെന്നോ, പാട്ടനിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്തെന്നോ വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11) ഭൂമിസംബന്ധമായ വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല എന്ന മറുപടിയാണ് ലഭിച്ചത്. പഞ്ചായത്തിന്റെ എത്ര ഭൂമി പാട്ടത്തിന് നൽകിയെന്നോ, എന്താവശ്യത്തിന് നൽകിയെന്നോ പഞ്ചായത്തിൽ രേഖകളില്ല. കാലാകാലങ്ങളിൽ പാട്ടത്തുക പുതുക്കി നൽകുന്നുമില്ല. ഈ ഭൂമി സംബന്ധിച്ച് പഞ്ചായത്തിലുള്ള ആകെ തെളിവ് 13/- രൂ. പാട്ടത്തുക വരുന്നുണ്ട് എന്നത് മാത്രമാണ്. ഫലത്തിൽ

പഞ്ചായത്തിന്റെ ഭൂമി അന്യാധീനപ്പെട്ടു പോകുന്നതിന് തുല്യമായ നടപടികളാണ് പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 സ്ഥാപന നികുതി അടച്ചിട്ടില്ല

പഞ്ചായത്തിന്റെ നികുതി സംബന്ധമായ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം ധനലക്ഷ്മി ബാങ്ക് സ്ഥാപനനികുതി (2500/- രു)അടച്ചതായി കാണുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലും ടി വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5) നൽകിയ മറുപടിയിൽ ബാങ്ക് അധികൃതരിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 നടപടി ക്രമങ്ങൾ പാലിക്കാതെ കമ്മ്യൂണിറ്റി ഹാൾ കുറഞ്ഞ വാടകയ്ക്ക് നൽകുന്നു

പഞ്ചായത്തിന്റെ അധീനതയിലുള്ള കമ്മ്യൂണിറ്റി ഹാൾ മാസവാടകയ്ക്ക് പലർക്കായി തുച്ഛമായ വാടകയ്ക്ക് നൽകിയതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. 2016-17 വർഷം 1602665/- ചെലവഴിച്ച് പുതുക്കിപ്പണിത കമ്മ്യൂണിറ്റി ഹാളിൽ നിന്ന് 2016-17 ൽ വാടകയിനത്തിൽ ലഭ്യമായ തുക 5200/- രൂപ മാത്രമാണ്. വാടക തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ഇതു സംബന്ധിച്ച ഫയൽ, കമ്മറ്റി തീരുമാനം എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11) ലഭിച്ച മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഹാൾ അനുവദിച്ച് നൽകുന്നതിനും, അതിന്റെ വാടക സംബന്ധിച്ചും ഒരു ബൈലോ തയ്യാറാക്കേണ്ടതും, പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ടി വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ശൗചാലയം - നിർമ്മാണം അപ്രസക്തവും അനാവശ്യവും

പദ്ധതി നമ്പർ - 143/17, 65/18 (സ്പിൽ ഓവർ).

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

അടങ്കൽ - 270000/- രൂപ

ചെലവ് - 233354/- രൂപ

ട്രഷറി ബില്ലിന്റെ വിവരം - നമ്പർ 8/17-18 , 30/6/2017(2017-18)

ഗുണഭോക്തൃ സമിതി കൺവീനർ- ടി.സി. ദാസപ്പൻ, തെക്കേകഴിഞ്ഞമറ്റം

പ്രസ്തുത പദ്ധതി വഴി 4 ശൗചാലയങ്ങൾ അടങ്ങുന്ന ടോയ് ലറ്റ് കോംപ്ലക്സ് പഞ്ചായത്ത് പരിസരത്ത് (കമ്മ്യൂണിറ്റി ഹാൾ, ഹോമിയോ ആശുപത്രി എന്നിവയുടെ കൂടി സാമീപ്യമുള്ള സ്ഥലത്ത്- വാർഡ് 9) നിർമ്മിക്കാൻ വിഭാവനം ചെയ്യുകയും 28/12/2016 ൽ ഇതിനായി നിർവ്വഹണോദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ ഈ ശൗചാലങ്ങൾ നാലാം വാർഡിൽ ചെറുവാരണം എന്ന സ്ഥലത്ത് പഞ്ചായത്ത് വക പകൽവീട് കെട്ടിട പരിസരത്താണ് നിർമ്മിച്ചത്. പ്ലംബിംഗ് വർക്കുകൾ നടന്നിട്ടുണ്ടെങ്കിലും ഇതിന് വാട്ടർ കണക്ഷൻ നൽകുകയോ വാട്ടർടാങ്ക് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. താഴെപ്പറയുന്ന കാരണങ്ങളാൽ ഈ നിർമ്മാണം അപ്രസക്തവും അനാവശ്യവുമാണ്.

എ) നിലവിൽ ശൗചാലയ സമുച്ചയം നിർമ്മിച്ച സ്ഥലത്ത് ആകെയുള്ള ഒരേ ഒരു പൊതുസ്ഥാപനം പകൽ വീട് മാത്രമാണ്. ഈ സ്ഥലം പ്രധാന റോഡുകൾക്ക് സമീപമോ പൊതുമാർക്കറ്റ്, പൊതുകളിസ്ഥലം, മുതലായവക്ക് സമീപമോ അല്ല.

ബി) 2008-09 ൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയ കെട്ടിടത്തിൽ ഇതുവരെയും പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ കെട്ടിടത്തിനുള്ളിൽ തന്നെ പ്രധാന ഹാളിനോട് ചേർന്ന്

ശൗചാലയത്തിനായി നാല് മുറികൾ ഉണ്ട്. ഇവയിൽ എക്സ്ഹോസ്റ്റ് ഫാനുകൾ സ്ഥാപിക്കുകയും തൻവർഷം ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. സിന്തറ്റിക് ഡോറുകൾ ഫിറ്റ് ചെയ്തിട്ടുള്ള ഇവയിൽ പക്ഷെ, ക്ലോസറ്റ് സ്ഥാപിക്കുകയോ വാട്ടർ കണക്ഷൻ എടുക്കുകയോ പ്ലംബിംഗ് ജോലികൾ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. സെപ്റ്റിക് ടാങ്കും സ്ഥാപിച്ചിട്ടില്ല. ഇവ സ്ഥാപിച്ച് പ്രസ്തുത ശുചിമുറികൾ ഉപയോഗപ്രദമാക്കാമെന്നിരിക്കെ പുതിയവ നിർമ്മിക്കേണ്ട ആവശ്യവും ഇല്ല. പുതുതായി നിർമ്മിച്ച ശൗചാലയത്തിൽ യൂറോപ്യൻ സ്റ്റൈൽ ക്ലോസറ്റുകൾ സ്ഥാപിക്കാത്തതിനാൽ അവ മുതിർന്ന പൗരന്മാർക്ക് പ്രയോജനപ്രദവും അല്ല.

സി) പകൽ വീട് ഒഴികെ യാതൊരു പൊതുസ്ഥാപനവും ഇല്ലാത്ത തീർത്തും ഗ്രാമീണമായ ഈ പ്രദേശത്ത് പുറത്തുനിന്ന് ആളുകൾ കൂട്ടമായി വന്ന് ചേരാൻ സാദ്ധ്യത ഒന്നും തന്നെയില്ല. അടുത്ത് പ്രവർത്തിച്ചിരുന്ന 'നീരാ' പ്ലാന്റിനോട് ചേർന്ന് അവിടുത്തെ തൊഴിലാളികൾക്കും സന്ദർശകർക്കുമായി ശൗചാലയമുണ്ട് നിലവിൽ ഈ പ്ലാന്റ് പ്രവർത്തിക്കുന്നുമില്ല.

ഡി) സമ്പൂർണ്ണ വെളിയിട നിർമ്മാർജ്ജന പദ്ധതി വഴി എല്ലാ ഭവനങ്ങൾക്കും ശൗചാലയങ്ങൾ ഉറപ്പുവരുത്തപ്പെട്ട സാഹചര്യത്തിൽ തദ്ദേശീയർ ഇത് ഉപയോഗിക്കേണ്ട ആവശ്യവും ഉണ്ടാകുന്നില്ല.

തീർത്തും പ്രയോജനരഹിതമായ സ്ഥലത്ത് അപ്രസക്തവും അനാവശ്യവുമായി പദ്ധതിപ്പണം എങ്ങനെയെങ്കിലും ചെലവഴിക്കുക എന്ന ഒറ്റ ഉദ്ദേശത്തിൽ നിർമ്മിക്കപ്പെട്ടവയാണ് ഈ ശൗചാലയങ്ങൾ. പഞ്ചായത്ത് പരിസരത്ത് ശൗചാലയം നിർമ്മിക്കാൻ വിഭാവനം ചെയ്ത സ്ഥലം, സി.ഡി.എസ് -ന് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ ഫണ്ട് കിട്ടുമ്പോൾ അതിനുപയോഗിക്കണം എന്ന കാരണം കാണിച്ചാണ് ശൗചാലയനിർമ്മാണം നാലാം വാർഡിലെ പകൽ വീട് പരിസരത്തേക്ക് മാറ്റാൻ 14/2/17 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചത്(തീരുമാനം നമ്പർ 19(2)). ശൗചാലയം ആവശ്യമുള്ളിടത്ത് സ്ഥലം ലഭ്യമല്ലാത്തത് കൊണ്ട് സ്ഥലം ലഭ്യമായ സ്ഥലത്ത് ആവശ്യകത പരിഗണിക്കാതെ ശൗചാലയം നിർമിച്ചത് പദ്ധതിപ്പണത്തിന്റെ ദുർവ്യയമാണ്. ആകയാൽ ഇതിനായി ചെലവഴിച്ച 233354/- രൂപയുടെ ചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. 14/2/17 ലെ കമ്മറ്റിയിൽ പങ്കെടുത്ത പഞ്ചായത്ത് സമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി എന്നിവരും നിർമ്മാണത്തിന്റ അപ്രസക്തിയും പ്രയോജനരാഹിത്യവും പഞ്ചായത്തിനെ ധരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എൻജിനീയറും ഈ ദുർവ്യയത്തിന് ഉത്തരവാദികളാണ്. അതിനാൽ ചെലവ് തുക 233354/- രൂപ പ്രസ്തുത വ്യക്തികളിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസിൽ ഫർണീച്ചർ സ്ഥാപിക്കൽ- ഫർണീച്ചർ സ്ഥാപിച്ച് നല്കാതെ തുക പൂർണ്ണമായും റബ്കോയ്ക്ക് നല്കി

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്ത് ഓഫീസിൽ ഫർണീച്ചർ സ്ഥാപിക്കൽ (S0147/17) പദ്ധതിയിൽ റബ്കോയ്ക്ക് 12,36,923/- രൂപ ബിൽ നം. 33/16-17/30.3.17 പ്രകാരം നല്കിയിട്ടുണ്ട്. സ്ഥാപനവുമായി 20.3.17 ൽ തദ്ദേശ സ്ഥാപനം എഗ്രിമെന്റ് ഒപ്പ് വച്ച് മുഴുവൻ തുകയും സ്ഥാപനത്തിന് മാർച്ചിൽ തന്നെ നല്കി. എന്നാൽ ഉപകരണങ്ങൾ എത്തിച്ചിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ച് നല്കാതെ പഞ്ചായത്ത് ലൈബ്രറിയിൽ പായ്ക്കറ്റോടെ കൂട്ടിയിട്ടിരിക്കുകയാണ്. കോൺഫറൻസ് ഹാൾ, ഓഫീസ്, പ്രസിഡന്റിന്റെ മുറി എന്നിവിടങ്ങളിലാണ് ഉപകരണങ്ങൾ സ്ഥാപിച്ച് നല്കേണ്ടത്. സ്ഥാപിച്ച് നല്കുന്നതുൾപ്പെടെയുള്ള ചെലവ് തുക പൂർണ്ണമായും സ്ഥാപനത്തിന് കൈമാറിയത് ക്രമപ്രകാരമല്ല. ഉപകരണങ്ങൾ സ്ഥാപിച്ച് നല്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 മാരാരി മഷ് റൂം കൾച്ചർ സെന്റർ ചുറ്റുമതിൽ നിർമ്മാണം- നടപ്പാക്കാത്ത പ്രവൃത്തിക്ക് തുക നല്കി

മാരാരി മഷ് റൂം കൾച്ചർ സെന്റർ ചുറ്റുമതിൽ നിർമ്മാണം (S0159/17) പ്രവൃത്തിയിൽ സി.ബി.ശോഭൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും 14.2% കുറവിലാണ് പ്രവൃത്തി ചെയ്തത്. എം.ബുക്ക് നം.315/17, 347/17

പ്രകാരം ചുറ്റമതിൽ നിർമ്മാണത്തോടൊപ്പം ഇനം നം. 8,9 ആയി റാംപ് നിർമ്മാണവും പ്ലാസ്റ്ററിംഗും നടത്തിയതായി രേഖപ്പെടുത്തി ആകെ 4064/- രൂപ ഈ ഇനത്തിൽ നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ.

providing & laying ----Ramp- 0.315cum-6594.95/cum 2077.41

providing cement concrete Ramp top—0.237cum—8381.48/cum 1986.41

16.7.17 ന് ഇവിടെ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പരാമർശിച്ച ഇനം ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. (പ്രാദേശിക പരിശോധന റിപ്പോർട്ട് തെളിവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.) ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം-1,83,915/- ബിൽ നം.32/16-17 dt.31.3.17

60979/- ബിൽ നം.2/17-18 dt. 30.6.17

## 3-4 അങ്കണവാടി വൈദ്യുതീകരണം-- ഉപകരണങ്ങൾ സ്ഥാപിക്കാതെ തുക നല്കി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ അങ്കണവാടി വൈദ്യുതീകരണം (S0071/17) പദ്ധതിയിൽ അങ്കണവാടി നം.49 ൽ വൈദ്യുതീകരണം നടത്തിയതിന് 50508/- രൂപ ബിൽ നം. 13/16-17 dt.31.3.17 പ്രകാരം കരാറുകാരന് നല്കിയിട്ടുണ്ട്. എം.ബുക്ക് നം.460/16-17പ്രകാരം ഇനം നം. 26,27,28,29 ആയി 1400 rpm എക്സ്ഹോസ്റ്റ് ഫാൻ വയ്ക്കുന്നതിനുള്ള കട്ടിംഗ്, ഫാൻ ഫിറ്റിംഗ്, ഫ്രെയിം, ഹുക്ക് എന്നിവയ്ക്കായി ആകെ 3218/- രൂപയും ഇനം നം.3 ആയി cast iron stove ന്റെ വിവരണം നല്കി 735/- രൂപയും ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ 15.7.17 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ ഇനങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്ന് വ്യക്തമായി. സ.ഉ(സാധാ)നം. 2878/15/ തസ്വഭവ. 22.9.15ഉത്തരവ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബില്ല് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവ നടപ്പാക്കിയതിനാൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിലെ വിരമിച്ച ഉദ്യോഗസ്ഥനാണ് ഇവ ചെയ്തത്. ആയതിനാൽ കരാറുകാരൻ ശ്രീ.ഹാരിഷിൽ നിന്നും ചെയ്യാത്ത ഇനങ്ങൾക്ക് കൈപ്പറ്റിയ 3953/-രൂപ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വാങ്ങൽ - നൽകിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭ്യമായില്ല

ബിൽ നം. 16-23/27.3.17 - 577832/-

ഗ്രാമ പഞ്ചായത്തിന്റെ 16-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി 577832/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. ഇതിൽ നിന്നും 568086/- രൂപ ബിറ്റുമിൻ വാങ്ങുന്നതിനായി സെക്രട്ടറി താഴെ പറയും വിധം നൽകിയിട്ടുണ്ട്.

| ക്രമ നം. | തീയതി | നൽകിയ തുക | സ്ഥാപനം | പരാമർശം |
|---|---|---|---|---|
| 1 | 30.3.17 | 215389 | ഹിന്ദുസ്ഥാൻ കോളാസ് ലിമി. കൊച്ചി | അക്കൗണ്ട് ട്രാൻസ്ഫർ |
| 2 | 30.3.17 | 352697 | എച്ച്.പി.സി.എൽ | |
| | ആകെ | 568086 | | |

എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 541136/- രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | ലഭിച്ച ബാരലിന്റെ എണ്ണം | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 379869/9.5.17 | 13 | 154195 | ഹിന്ദിസ്ഥാൻ കോളാസ് ലിമി. കൊച്ചി |
| 2 | 379870/9.5.17 | 7 | 50473 | |

| | | | | |
|---|---|---|---|---|
| 3 | 35415/24.5.17 | 63 | 336468 | എച്ച്.പി.സി.എൽ |
| | ആകെ | | 541136 | |

അധികമായി നൽകിയ 26950/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ലഭിച്ച ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഓഡിറ്റ് തീയതിയിലും ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ല. പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണ്.

## 3-6 പി.എച്ച്.സി കെട്ടിടം അറ്റകുറ്റപ്പണിയും ചുറ്റുമതിൽ നിർമ്മാണവും - കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

പ്രോജക്ട് നം. - 141/16

കരാറുകാരൻ - കെ.ആർ.ശിവദാസ് ബിൽ നം. 53/16-17/31.3.17 - 603188/-

അളവ് പുസ്തകം - 313/16-17

പ്രവൃത്തി മൂല്യം - 603188/-

എഗ്രീഡ് പി.എ.സി - 678883/-

പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.കെ.ആർ.ശിവദാസ് 04.02.2016 ൽ കരാർ ചമച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് വാങ്ങിയിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം 31.3.2016 നുള്ളിൽ (2മാസ കാലയളവ്) പ്രവൃത്തി പൂർത്തീകരിക്കേണ്ട തായിരുന്നു എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് 27-03-2017 ൽ മാത്രമാണ്. തൊട്ടടുത്ത സ്ഥലമുടമയുമായി വസ്തു തർക്കമുണ്ടായതിനാൽ പണി തുടരുവാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ള കരാറുകാരന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ 22-02-2017 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 3(7) നമ്പർ തീരുമാന പ്രകാരം കരാർ കാലാവധി 31.3.2017 വരെ നീട്ടി നൽകിയിട്ടുള്ളതായി കാണുന്നു.

4.2.2016 ൽ കരാർ വെച്ച് നിർമ്മാണ സ്ഥലം കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടുള്ള കരാറുകാരൻ നിയമ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവിൽ ഇതു സംബന്ധിച്ച് യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ സാങ്കേതിക തടസ്സങ്ങളുണ്ടായിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുമില്ല. മാത്രമല്ല പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി നിയമ പ്രകാരം കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. കേവലം രണ്ട് മാസം മാത്രം പൂർത്തീകരണ സമയം അനുവദിച്ചിരുന്ന പ്രവൃത്തിയുടെ കരാർ കാലാവധി യാതൊരു മാനദണ്ഡവുമില്ലാതെ തുടർന്ന് ഒരു വർഷം വരെ നീട്ടി നൽകിയത് കരാറുകാരനെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ്. നിയമ പ്രകാരമുള്ള നടപടി ക്രമങ്ങളൊന്നും പാലിക്കാതെയുള്ള കാലാവധി ദീർഘിപ്പിക്കൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രവൃത്തിയുടെ ഫൈനൽ പേയ്മെന്റ് നടത്തിയപ്പോൾ കാലതാമസത്തിന് ഫൈൻ ഇനത്തിൽ യാതൊരു കുറവും വരുത്താതെയാണ് തുക നൽകിയിട്ടുള്ളത്. ഈടാക്കേണ്ടിയിരുന്ന ഫൈൻ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർക്ക് പൂർത്തീകരിക്കേണ്ട തീയതി - 31.03.2016

പൂർത്തീകരിച്ച തീയതി - 27.03.2017

കാലതാമസം -361 ദിവസം (51 ആഴ്ച)

ഈടാക്കേണ്ടിയിരുന്ന ഫൈൻ (പ്രതിവാരം 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ്) – 678883x5.1% = 34623/-

രൂപ

ഫൈൻ ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/15-07-17) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ഈയിനത്തിൽ അധികചെലവായ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ഉത്സവ ബത്ത അധികം നൽകി

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ ശ്രീ. അരുൺ കുമാറിന് 2016-17 ൽ ഉത്സവബത്തയായി 2400/- നൽകിയിട്ടുണ്ട്. (വൗച്ചർ നം. 51600378/09-09-2016) ദിവസവേതനാടിസ്ഥാനത്തിലാണ് ശ്രീ. അരുൺ കുമാറിനെ നിയമിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ 1100/- രൂപയ്ക്ക് മാത്രമേ ഇദ്ദേഹത്തിന് അർഹതയുള്ളൂ. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6) ക്ലറിക്കൽ വീഴ്ച സംഭവിച്ചതാണെന്നും ആയത് തിരികെ ഈടാക്കുന്നതിന് നടപടികളെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ പണം പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ഐ ടി ഫയലിംഗ്- ലേറ്റ് ഫീ

പഞ്ചായത്തിന്റെ ഇൻകം ടാക്സ് ഫയൽ ചെയ്യാൻ താമസിച്ചതിനെ തുടർന്ന് ലേറ്റ് ഫീയിനത്തിൽ 820/- രൂപ അടച്ചതായി വൗച്ചർ (നം. 21600583/20-12-2016) പരിശോധനയിൽ നിന്നും മനസ്സിലാകുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7) അബദ്ധവശാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയതാണെന്നും, ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം - സെക്രട്ടറി

വൈദ്യുത ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതിയിൽ (S0121/17) ആകെ1799775/-രൂപ (9,00,000/-വികസനഫണ്ട്, 899775/-ജില്ലാപഞ്ചായത്ത് വിഹിതം) ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് വിനിയോഗ വിവരം കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ചെലവ് വിവരം--9,00,000/- ബിൽ നം.22/16-17 dt.28.2.17

8,99,775/- ചെക്ക് നം.1593919/27.3.17

## 3-10 എസ്.എസ്.എ പദ്ധതി--പൂർണ്ണമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണം - സെക്രട്ടറി

എസ്.എസ്.എ പദ്ധതിയുടെ വിഹിതം ഇനത്തിൽ 6,18,084/- രൂപ രണ്ടു ബില്ലുകളായി ജില്ലാ കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്. 2,38,060/- രൂപയുടെ വിനിയോഗ വിവരം എസ്.എസ്.എ ജില്ലാ കോ-ഓർഡിനേറ്റർ ലഭ്യമാക്കിയിട്ടില്ല. 3,80,024/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,38,060/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ബിൽ നം.19/16-17 dt.28.2.17)

## 3-11 പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ - പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറിയില്ല

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ 668 പുസ്തകങ്ങളുടെ വിലയായി 1,00,000/- രൂപ (50,000/- വികസനഫണ്ട്, 50,000/- ബ്ലോക്ക് വിഹിതം) കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് നല്കിയിട്ടുണ്ട്. പുസ്തകങ്ങൾ പഞ്ചായത്ത് കൈപ്പറ്റിയ വിവരം, ലൈബ്രേറിയന് പുസ്തകങ്ങൾ കൈമാറിയത് തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാതിരുന്നതിനെ തുടർന്ന് നല്കിയ എൻക്വയറിക്ക് സെക്രട്ടറി നല്കിയ മറുപടി, പഞ്ചായത്ത് ലൈബ്രറിയെ കാർഷിക ലൈബ്രറിയാക്കി പ്രഖ്യാപിക്കുന്നതിനായി കൃഷി സംബന്ധമായ പുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തി രണ്ടാമതൊരു ലിസ്റ്റ് ബുക്ക് മാർക്കിന് നല്കുന്നതിന് മുൻപ് ആദ്യത്തെ ലിസ്റ്റ് പ്രകാരം പുസ്തകം ലഭിച്ചെന്നും ഇവ മാറ്റി നല്കാമെന്ന് ബുക്ക്മാർക്ക് അറിയിച്ചിട്ടുണ്ടെന്നുമാണ്. നിലവിൽ 1,00,000/- രൂപയുടെ പുസ്തകങ്ങൾ ലഭ്യമായെങ്കിലും സ്റ്റോക്കിൽ എടുക്കാതെയും ലൈബ്രറിക്ക് കൈമാറാതെയും ഇരിക്കുന്നു. അതിനാൽ പദ്ധതി നടപ്പാകാത്തതിന് തുല്യമാണ് ഇത്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം--50,000/- ബിൽ നം.32/16-17 dt.30.3.17

50,000/- ചെക്ക് നം.10435 dt.31.3.17

## 3-12 എസ്.സി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി - സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 29/16-17/31.3.17 – 550000/-

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി എന്ന പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്കായി ആകെ 5.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന താഴെ പറയുന്ന രേഖകൾ/ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(1) ഗുണഭോക്താവിന് നിലവിൽ 800 ചതുരശ്ര അടി വിസ്തൃതിയിൽ അധികരിക്കാത്ത വാസയോഗ്യമായ വീടുണ്ടെന്നുള്ള വിവരം.

(2) പുതുതായി നിർമ്മിച്ച മുറിയ്ക്ക് 120ചതുരശ്രഅടിയിൽ കുറയാത്ത വിസ്തൃതിയുണ്ടെന്നുള്ള സാക്ഷ്യപത്രം.

(3) ഓവർസിയർ ഹാജരാക്കിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ നിർമ്മാണം പൂർത്തീകരിച്ചതായുള്ള വിവരം രേഖപ്പെടുത്താതെ മൂല്യതുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുറിയുടെ നിലവിലെ സ്ഥിതിയുമായി താരതമ്യ പ്പെടുത്തുമ്പോൾ പ്രസ്തുത മൂല്യ നിർണ്ണയം തികച്ചും യുക്തിയ്ക്ക് നിരക്കുന്നതല്ലയെന്ന് കാണുന്നു.

ഗുണഭോക്താക്കളുടെ പഠന മുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങളുള്ളതായി കാണുന്നു.

(1) കുഞ്ഞപ്പൻ, മന്നാത്താംവെളി, വാർഡ്-6

സ്ഥലപരിശോധനയിൽ പഠനമുറിയുടെ നിർമ്മാണം പൂർത്തിയായിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. മുറിയുടെ ആകെ വിസ്തൃതി 75 ചതുരശ്ര അടിയിൽ താഴെ മാത്രമാണ് (10.5x7). ജനലുകളും, വാതിലും വെയ്ക്കാതെ നിലവിലും തുറന്നു കിടക്കുന്നു. ഭിത്തി തേച്ചിട്ടില്ല, തറ ഇട്ടിട്ടില്ല. കറന്റ് കണക്ഷനില്ല (വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂല്യം - 150000/-).

(2) കാർത്ത്യായനി, മാത്തിവെളി, വാർഡ്-12

നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതും താമസം തുടങ്ങിയിട്ടില്ലാത്തതുമായ കെട്ടിടത്തിന്റെ മുകളിലായാണ് പഠനമുറി നിർമ്മിച്ചിരിക്കുന്നത്. സ്ഥല പരിശോധനയിൽ പഠനമുറിയുടെ നിർമ്മാണം

പൂർത്തിയായിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. ജനലുകളും, വാതിലും വെയ്ക്കാതെ നിലവിലും തുറന്നു കിടക്കുന്നു. ഭിത്തി തേച്ചിട്ടില്ല. കറന്റ് കണക്ഷനില്ല (വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂല്യം - 170000/-).

(3) തിലകൻ, വെള്ളത്തേടത്ത് ചിറ, വാർഡ്-3

മുറിയുടെ ആകെ വിസ്തൃതി 70 ചതുരശ്ര അടിയിൽ താഴെ മാത്രമാണ് (8.5x8). കറന്റ് കണക്ഷനില്ല (വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂല്യം - 160000/-).

പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് സ്പഷ്ടീകരണം നൽകികൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.2.2016 ലെ 626/16 നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ടി അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/13.7.17) അസിസ്റ്റന്റ് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഠന മുറിയുടെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് തുക പൂർണ്ണമായും നൽകിയത് ക്രമ വിരുദ്ധമായതിനാൽ ചെലവ് തുക 550000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സേവന നികുതി - കരാറുകാരിൽ നിന്നും ആനുപാതികമായ സേവന നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന കരാർ പ്രവൃത്തികളുടെ സേവന നികുതി പൂർണ്ണമായും പഞ്ചായത്തിൽ നിന്നാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ സേവന നികുതി റൂൾസ് പ്രകാരം സേവന നികുതി സേവന ദാതാവും സേവന സ്വീകർത്താവും തുല്യമായി ഒടുക്കേണ്ടതാണ്. കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള സേവന നികുതി ഈടാക്കാതിരുന്നതു മൂലം പഞ്ചായത്തിന് താഴെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/കരാറുകാരൻ | പ്രവൃത്തിമൂല്യം/സേവന നികുതി | സേവന നികുതി | | |
|---|---|---|---|---|---|
| | | | പഞ്ചായത്ത് ഒടുക്കിയത് | പഞ്ചായത്ത് ഒടുക്കേണ്ടത് | കരാറുകാരൻ ഒടുക്കേണ്ടത് |
| 1 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് (ഷാഹുൽ ഹമീദ്) | 526800(55314) | 55314 | 27657 | 27657 |
| 2 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം (സി.രാജേഷ്) | 336157(35297) | 33246 | 17649 | 17648(*) |

സേവന നികുതിയായ 35297/- രൂപ കരാറുകാരൻ ഒടുക്കിയതിൽ 33246/- രൂപ പഞ്ചായത്ത് കരാറുകാരന് തിരികെ നൽകിയിരുന്നു. കരാറുകാരൻ ഒടുക്കേണ്ടിയിരുന്ന 17648/- രൂപയിൽ ടിയാൻ മുൻകൂറായി ഒടുക്കിയിരുന്ന 2051/- രൂപ (35297 – 33246) കുറവ് ചെയ്ത് ശേഷിച്ച 15597/- രൂപ ഈടാക്കണം.

പ്രസ്തുത അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/15-07-17) ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ആകയാൽ കരാറുകാരിൽ നിന്നും ഈടാക്കുവാൻ ശേഷിക്കുന്ന തുക 43254/- രൂപ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-14 കരാർ പ്രവൃത്തികളിൽ നിന്നും സേവനനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ മൂല്യത്തിൽ നിന്നും സേവനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | പ്രവൃത്തിമൂല്യം | സേവന നികുതി ഒടുക്കേണ്ടത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം (പ്രോജക്ട് നം. 5/17) | രാജേഷ്.സി | 683058 | 71721(10.5%) |
| 2 | 49-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 11/2017) | വി.രാധാകൃഷ്ണൻ | 855158 | 51310(6%) |
| 3 | ഹോമിയോ ആശുപത്രി മെയിന്റൻസ് (153/17) | ആന്റണി.കെ.എം | 255723 | 26851(10.5%) |
| | ആകെ | | | |

സേവന നികുതി കരാറുകാരനും, സ്ഥാപനവും തുല്യമായി ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-15 ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി നൽകൽ (എസ്.സി.പി) - അർഹതാ രേഖകൾ ഹാജരാക്കിയില്ല

ബിൽ നമ്പർ - 24/16-17/31.3.17 – 102000/-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള പദ്ധതി- ഗാർഹിക കണക്ഷന് സബ്സിഡി നൽകൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 17 ഗുണഭോക്താക്കൾക്ക് ₹ 6000/- വീതം സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ചുവടെ ചേർക്കുന്ന അർഹതാ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | തുക, ഡി.ഡി നം. | പരാമർശം |
|---|---|---|---|
| 1 | ബാബു.വി, കല്ലുചിറയിൽ | 6000 | വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | സുദേവ്, വല്ല്യേടത്ത് വെളി | 6000 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |

പ്രസ്തുത രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/12.7.17) അസിസ്റ്റന്റ് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അർഹതാ രേഖകളുടെ അഭാവത്താൽ ചെലവ് തുക 12000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഇന്റർനെറ്റ് കണക്ഷൻ ഉപയോഗം സംബന്ധിച്ച്

പഞ്ചായത്തിൽ നാഷണൽ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് (NOFN) (0477-2970150) കണക്ഷൻ കൂടാതെ 0478-2862382(NREGS), 0478-2862373എന്നീ നമ്പരുകളിൽ രണ്ട് ഇന്റർനെറ്റ് കണക്ഷനുകൾ കൂടി നിലവിലുണ്ട്. നാഷണൽ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ പഞ്ചായത്തിലെ മറ്റ് ഇന്റർനെറ്റ് കണക്ഷനുകൾ എല്ലാം റദ്ദ് ചെയ്യണമെന്ന ഇൻഫർമേഷൻ കേരള മിഷന്റെ 86/TSIM/2016/IKM തീയതി 18-01-2016 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. രണ്ട് ഇന്റർനെറ്റ് കണക്ഷനുകളിലും 999/- രൂപയുടെ അൺലിമിറ്റഡ് പ്ലാനാണ് ഉപയോഗിച്ചു വരുന്നത് (Plan 701590/BBGComboULD999). ഇതിൽ സെക്രട്ടറിയുടെ പേരിലുള്ള 0478-2862373 നമ്പർ കണക്ഷനിൽ ഇന്റർനെറ്റ് ഉപയോഗം തീരെയില്ല. മാത്രമല്ല, ഈ പ്ലാനിൽ ടെലിഫോണിൽ സൗജന്യ കോളുകൾ ലഭ്യമാകുന്നത് രാത്രി 9.00 മണിയ്ക്കും, രാവിലെ 7.00 മണിയ്ക്കും ഇടയിലാണ്. ഇതിന്റെ പ്രയോജനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. പ്ലാൻ മാറ്റാത്തതിനാൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും കൂടിയുള്ള താരിഫിലാണ് ബിൽ ഇപ്പോഴും അടച്ചുപോരുന്നത്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8) നൽകിയ മറുപടിയിൽ NOFN കണക്ഷൻ കൂടാതെ രണ്ട് കണക്ഷൻ കൂടിയുണ്ടെന്നും ഇവയ്ക്കെല്ലാം കൂടി 2016-17 ൽ 52032/- രൂ. ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. NOFN കണക്ഷൻ നിലവിലുള്ളപ്പോൾ, മറ്റ് കണക്ഷനുകൾ റദ്ദ് ചെയ്യുകയോ, പ്ലാനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്യേണ്ടതാണ്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 മഴക്കാലപൂർവ്വ ശുചീകരണം തുക നഷ്ടപ്പെടുത്തി

പഞ്ചായത്തിലെ 18 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി 2014-15 ൽ ശുചിത്വ മിഷൻ നൽകിയ 1,80,000/- രൂപയിൽ 29,500/- ചെലവഴിച്ചിരുന്നില്ല. അതു കഴിച്ചുള്ള ബാക്കിത്തുകയായ 1,50,500/- രൂപ മാത്രമാണ് 2015-16 വർഷം ശുചിത്വ മിഷനിൽ നിന്നും ലഭ്യമായത്. തനതു ഫണ്ടിൽ നിന്നും 5000/- രൂപയും എൻ.ആർ.എച്ച്.എം - ൽ നിന്നും 10000/- രൂപയും ലഭ്യമായിട്ടുണ്ട്. വാർഡുകളിൽ ശുചീകരണത്തിനായി ചെലവഴിക്കപ്പെടേണ്ട 29,500/- രൂപയാണ് ഇത്തരത്തിൽ നഷ്ടപ്പെടുത്തിയത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10) നൽകിയ മറുപടിയിൽ ഈ കാര്യം അധികൃതർ സ്ഥിരീകരിക്കുന്നുണ്ട്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 ഓഡിറ്റ് ഇംപാക്ട്

(1) പട്ടിക ജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് (ടി.എസ്.പി) വിതരണ പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചതുമൂലം 4125/- രൂപയുടെ നഷ്ടമുണ്ടായത് ഓഡിറ്റ് അന്വേഷണത്തിൽ ചൂണ്ടികാട്ടിയതിനെ തുടർന്ന് ഈയിനത്തിൽ അധികമായി പിൻവലിച്ച 4125/- രൂപ 14.7.17 ൽ പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(2) തെരുവ് വിളക്ക് ഉപകരണം വാങ്ങൽ--(S073/17) പദ്ധതിയിൽ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ഉപകരണങ്ങൾക്ക് ബിൽ തുക നൽകിയതു മൂലമുണ്ടായ 2270/- രൂപയുടെ നഷ്ടം ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് രസീത് നം. 117040101195/14.7.17 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(3) തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 2250/- രൂപയുടെ നഷ്ടം ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് 14.7.17 ൽ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2016-17 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരം നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി 289080/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) പത്രികയിൽ ടി ഇനത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.
2. കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല (ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല)
3. തൻവർഷം ഡിപ്പോസിറ്റ് വർക്കുകൾക്കായി 1799775/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് B(18) പത്രികയിൽ 1913540/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 113765/- രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.
4. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
5. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.
6. തൊഴിൽ നികുതി എംപ്ലോയീസ്, -- തൊഴിൽ നികുതി ട്രേഡേഴ്സ്--വാർഷിക കണക്ക് പ്രകാരം യഥാക്രമം

515946/-, 401900/- എന്നാണ്. ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം യഥാക്രമം 516846/-, 406600/-രൂപയും ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

7. കെട്ടിടവാടക --വാർഷിക കണക്ക്, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
8. ഓഡിറ്റോറിയം വാടക--വാർഷിക കണക്കിൽ 5200/- ഉം രജിസ്റ്ററിൽ 600/- ഉം ആണ്.
9. എം. എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 7,89,28,000/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 8,04,18,806 /- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 899775 | ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ | – | 899775 |
| | | 550000 | പാലിന് ഇൻസെന്റീവ് | 550000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | പാലിന് ഇൻസെന്റീവ് | 500000 | |
| | | 149720 | പാലിയേറ്റീവ് കെയർ | 149720 | |
| | | 50000 | ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ | 50000 | -- |

4-3. ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ നം. ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ | 22/28.2.17 | 900000 | -- | 900000 |
| കെഎസ്സ്ഇബി | ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ | 1593919/ 27.3.17 | 899775 | -- | 899775 |
| | | | | | 1799715 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(ആർടി) നം. 221/2010<br>ത.സ്വ.ഭ.വ, 21.1.2010 | 13575000 | 3336514 | 1361550 | | 1974964 |

4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1137885 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1137885 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1137885 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥിരനിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം എസ്.സി.ബി-എ1558 | 1137885 |
| ആകെ | 1137885 |

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2012-13 | | 600 | ലൈല, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11604101829/26.9.16 |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2014-15 (പ്രവർത്തനാവലോകനം) | 2014-15 | 10 | മൃഗസംരക്ഷണ മേഖലയിൽ സഹായമേകാൻ ഗ്രാമ പഞ്ചായത്തിന് കഴിയുന്നില്ല. | വിശദീകരണം സമർപ്പിച്ചു. |
| | | 11 | ചെലവഴിക്കലുകൾ തൃപ്തികരമല്ല | |
| | | 18 | പഞ്ചായത്ത് കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുക അക്കൗണ്ടിൽ അവശേഷിക്കുന്നു. | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62302281 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57912495 |
| വരവിനങ്ങളിലുള്ള നഷ്ടം | 12515 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 305064 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3936758 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2215 | | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| 2-2 | 7800 | | |
| 2-4 | 2500 | | |
| 3-1 | | 233354 | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി (അനുബന്ധം.2 കാണുക) |
| 3-3 | | 4064 | ശ്രീമതി.സുഹാസിനി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 3953 | ശ്രീമതി. രേഖ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | | 26950 | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| 3-6 | | 34623 | ശ്രീമതി.പൊന്നമ്മ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 1300 | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| 3-8 | | 820 | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 12515 | 305064 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1236923 | ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| 3-9 | 1799775 | |
| 3-10 | 238060 | |
| 3-11 | 100000 | ശ്രീ. ടി.ജി. ഗോപിനാഥൻ, സെക്രട്ടറി |
| 3-12 | 550000 | ശ്രീമതി.കെ.ജയകല, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 12000 | ശ്രീമതി.കെ.ജയകല, അസി.സെക്രട്ടറി |
| ആകെ | 3936758 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.ജി.ഗോപിനാഥൻ, സെക്രട്ടറി | വിരമിച്ചു | ധ്യാൻ നിവാസ്, മായിത്തറ മാർക്കറ്റ്.പി.ഒ, ചേർത്തല |
| ശ്രീമതി.കെ.ജയകല, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ശിവം, എസ്.എൻ.പുരം.പി.ഒ, ചേർത്തല |
| ശ്രീമതി.പൊന്നമ്മ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | പൂജവെളി, ഉറവൂർ സൗത്ത്.പി.ഒ, ചേർത്തല |
| ശ്രീമതി.സുഹാസിനി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | കൈതച്ചിറ ഹൗസ്, എരമല്ലൂർ.പി.ഒ, ചേർത്തല |
| ശ്രീമതി. രേഖ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ദിനേശ് ഭവൻ, കലവൂർ.പി.ഒ, ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2006-2007 | എൽ.എഫ്.ജി.എ5-1577/2013/16.5.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/2013/7.6.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/2013/15.5.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/2013/16.5.2014 |
| 2010-2011 | എൽ.എഫ്.എപി-8-821/2012/5.11.12/31.12.12 |
| 2011-2012, 12-13 | എൽ.എഫ്.എപി-8-192/2014/26.6.14/3.7.14 |
| 2013-2014 | എൽ.എഫ്.എ.എ.എൽ.പി-11- 1620/15/17.12.15/31.12.15 |
| 2014-2015 | കെ.എസ്.എ.എൽ.പി-പി11-782/16/15.7.16 |
| 2015-2016 | കെ.എസ്.എ.എൽ.പി-പി11-1253/16/17.12.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം. 1(എ)

നം. കെ.എസ്.എ-എ.എൽ.പി-പി11-968/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി. 20.07.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

<u>അനുബന്ധം.1(ബി)</u>

No. KSA-ALP-P11-968/17

Kerala State Audit Department,
District Audit Office,Alappuzha.
Date: 20.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kanjikuzhy Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kanjikuzhy Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.

## അനുബന്ധം. 2

•

ഖണ്ഡിക 3-1 നഷ്ടത്തിനുത്തരവാദിയായവരുടെ പേര് വിവരം

14/2/17 ലെ കമ്മറ്റിയിൽ പങ്കെടുത്ത പഞ്ചായത്ത് സമിതി അംഗങ്ങൾ

| പേര് | വാർഡ് നമ്പർ | സ്ഥിരം മേൽവിലാസം |
|---|---|---|
| റോഷ്നി സുനിൽ (വൈസ്പ്രസിഡന്റ്) | 1 | വടക്കേത്തയ്യിൽ, മായിത്തറ മാർക്കറ്റ് പി.ഒ,688539 |
| സുധ സുരേഷ് | 2 | വടക്കേ വലിയവീട്, വാരണം പി.ഒ 688555 |
| പി. തങ്കമണി | 3 | അകംപള്ളിൽ, വാരണം പി.ഒ 688555 |
| പി. ലളിത | 4 | മാടപ്പള്ളി, വാരണം പി.ഒ 688555 |
| ദിവ്യ ജ്യോതിഷ് | 5 | മറ്റത്തിൽ, വാരണം പി.ഒ 688555 |
| എം.ജി.സാബു | 6 | ചന്ദ്രൻവെളി, മായിത്തറ മാർക്കറ്റ് പി.ഒ 688539 |
| പി. അക്ബർ (ആരോഗ്യം,വിദ്യാഭ്യാസം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) | 7 | ഉത്തമംഗലം, എസ്.എൻ.പുരം പി.ഒ 688582 |
| പി.ജി.ഗീത | 8 | ഗീതാലയം, മായിത്തറ മാർക്കറ്റ് പി.ഒ |
| എം.ജി. തിലകൻ | 9 | പോളക്കാട്ടിൽ, എസ്.എൻ.പുരം പിഒ, 688582 |
| ലക്ഷ്മിക്കുട്ടി.എസ് | 10 | വട്ടച്ചിറയിൽ, മുഹമ്മ.പി.ഒ, 688525 |
| വി. പ്രസന്നൻ (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) | 11 | കറുവള്ളി, മുഹമ്മ.പി.ഒ, 688525 |
| ജോളി അജിതൻ | 12 | ആലപ്പാട്ട്, മുഹമ്മ.പി.ഒ, 688525 |
| ഡി. പവിത്രൻ | 13 | ദേവസ്വംചിറ, എസ്.എൽ.പുരം.പി.ഒ, 688523 |
| എം.ജി. രാജു (പ്രസിഡന്റ്) | 14 | മന്നത്താംവെളി, എസ്.എൽ.പുരം.പി.ഒ, 688523 |
| കെ. മോഹനൻ | 15 | ശിവകൃപ, മുഹമ്മ.പി.ഒ, 688525 |
| ലജിത തിലകൻ (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 16 | സ്നേഹനിവാസ്, എസ്.എൻ.പുരം.പി.ഒ, 688582 |
| സിജി സജീവ് | 17 | തൈവെപ്പിൽ വീട്ടിൽ, എസ്.എൻ.പുരം.പി.ഒ, 688582 |
| കെ.എം ശശിധരൻ | 18 | കണിയാംപടിക്കൽവെളി, മായിത്തറ മാർക്കറ്റ്.പി.ഒ, 688539 |

സെക്രട്ടറി - റ്റി.ജി. ഗോപിനാഥൻ

നിർവ്വഹണോദ്യോഗസ്ഥ – റ്റി.കെ പൊന്നമ്മ, അസിസ്റ്റന്റ് എൻജിനീയർ

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ